# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2667

12.03.2018-ന് മറുപടിയ്ക്ക്

## കൊട്ടാരക്കര മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി.പി. അയിഷാ പോറ്റി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദാംശങ്ങൾ നൽകുമോ ; | (എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെയും വസ്തുവകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :<br>ജില്ലാ വിദ്യാഭ്യാസ ഓഫീസ് - 1,<br>ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് - 2<br>ഹൈസ്കൂൾ - 5<br>യു.പി. സ്കൂൾ - 9<br>എൽ.പി. സ്കൂൾ - 39<br>അദ്ധ്യാപക പരിശീലനകേന്ദ്രം - 1<br>ടി ഓഫീസുകൾക്കും അദ്ധ്യാപക പരിശീലനകേന്ദ്രത്തിനുമായി 1.96 ഏക്കർ വസ്തുവും 13000 ച.അടി കെട്ടിടവും ഹൈസ്കൂളിൽ 14.08 ഏക്കർ വസ്തുവും 127000 ച.അടി കെട്ടിടവും നിലവിലുണ്ട്. യു.പി. സ്കൂളുകൾക്ക് 7.66 ഏക്കർ വസ്തുവും അതിൽ 24 കെട്ടിടങ്ങളും എൽ.പി. സ്കൂളുകൾക്ക് 23.25 ഏക്കർ വസ്തുവും 92 കെട്ടിടങ്ങളും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ; | (ബി) | ഗവ.എൽ.പി. സ്കൂൾ ഇരിങ്ങൂർ, ഗവ.എൽ.പി. സ്കൂൾ അയിക്കരപ്പ്പ്പ്പുർ, ജി.ഡബ്ല്യു.എൽ.പി. സ്കൂൾ കുളക്കട ഈസ്റ്റ്. |
| (സി) | നവീകരണത്തിലൂടെ ഉപയോഗപ്രദമാക്കാൻ കഴിയുന്ന എത്ര കെട്ടിടങ്ങൾ ഉണ്ട് ; ആയതിലേയ്ക്ക് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (സി) | വിവിധ സ്കൂളുകളിലായി ഏകദേശം 12500 ച.അടി വരുന്ന കെട്ടിടങ്ങളുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ലഭിക്കുന്ന പക്ഷം സർക്കാർ ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ